©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 സെപ്റ്റംബർ 25
25th September 2025
1201 കന്നി 9
9th Kanni 1201
1947 ആശ്വിനം 3
3rd Aswina 1947

നമ്പർ
No.
3412

ഫാറം നമ്പർ.7
ചട്ടം 18(1) കാണുക

വിജ്ഞാപനം

കെ 13- 754578/2024 *2025 സെപ്റ്റംബർ 24*

കേരളസർക്കാരിന്റെ 11/03/2024 ലെ ജി.ഒ. (ആർ.റ്റി) നമ്പർ. 918/2024/ആർ.ഡി നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ 07/02/2024ലെ കെ13-754578/2024 നമ്പർ നടപടിക്രമ പ്രകാരം തിരുവനന്തപുരം അഡീഷണൽ എൽ.എ യൂണിറ്റ് സ്പെഷ്യൽ തഹസിൽദാരെ 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന് വിധേയമായി കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി നിയമിച്ചിട്ടുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി തിരുവനന്തപുരം എൽഎ ഡെപ്യൂട്ടി കളക്ടറെ സർക്കാർ തിനാഇതിനാൽ നിയമിക്കുന്നലും;

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി അതായത് , വർക്കല– വെൺകുളംറെയിൽവേ മേൽപ്പാലം – നിർമ്മാണത്തിനായി ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം –11ാം വകുപ്പ് –1ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പ്രസ്തുത സ്ഥലത്തിൽ തൽപ്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകളുടെ പുതുക്കലിലോ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ തീയതി, ഏതാണോ അവസാനം സംഭവിക്കുന്നത് അതു മുതൽ 15 ദിവസത്തിനകം അഡീഷണൽ എൽ.എ യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ, തിരുവനന്തപുരം തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിയ്ക്കു ശേഷം ലഭിക്കുന്നതോ, ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു ആക്ഷേപ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാധ്യതയുള്ളതാണ്.

മേൽ പറഞ്ഞ പൊതു ആവശ്യത്തിലേക്ക് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം നിർണ്ണയിക്കുന്നതിനു വേണ്ടി ചുവടെ ചേർക്കുന്ന ഫീൽഡ് നമ്പരുകൾ സർവ്വെ ചെയ്ത റിക്കാർഡ് തയ്യാറാക്കുന്നതിലേയ്ക്കായി വസ്തുവിൽ പ്രവേശിക്കുന്നതിനും സർവ്വെ ചെയ്യുന്നതിനും വിതാനങ്ങൾ എടുക്കുന്നതിനും അതിരും രേഖയും അടയാളപ്പെടുത്തുന്നതിനുമുള്ള പ്രവർത്തികൾ വസ്തു ഉടമസ്ഥൻ അല്ലെങ്കിൽ വസ്തു ഉടമസ്ഥൻ അധികാരപ്പെടുത്തിയ വ്യക്തിയുടെ സാന്നിധ്യത്തിൽ നടത്തുന്നതാണ് എന്ന അറിയിപ്പും നിയമത്തിലെ 12–ാം വകുപ്പ് പ്രകാരവും ചട്ടങ്ങളിൽ 19–ാം ചട്ടത്തിന്റെ (3)–ാം ഉപചട്ടത്തിൽ പുറപ്പെടുവിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഇതിനാൽ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാകളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.trivandrum.gov.in) ലഭ്യമാണ്. ആയതിന്റെ ഒരു സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്)

ജില്ല : തിരുവനന്തപുരം

താലൂക്ക് : വർക്കല **വില്ലേജ് : ഇടവ**

ക്രമ നം.	ബ്ലോക്ക് നം.	റീസർവ്വെ നം.	വിസ്തീർണ്ണം (ഹെക്ടർ)	വിവരണം	പൊതു ആവശ്യത്തിന്റെ സ്വഭാവം	കൂടിയാഴിപ്പിക്കപ്പെടേണ്ടതിന്റെ കാരണം	ഉടമസ്ഥരുടെ/തൽപര കക്ഷികളുടെ പേര്
1	1	449/12pt	0.0177	പുരയിടം	വർക്കല - വെണകുളം - റെയിൽവേ മേൽപ്പാലം നിർമ്മാണം	വർക്കല - വെണകുളം - റെയിൽവേ മേൽപ്പാലം നിർമ്മാണം	ദേവകി
2	1	449/17pt	0.0045	പുരയിടം			1. തങ്കമണി, 2. സുദർശനൻ, 3. ശ്രീകുമാരി
3	1	449/35pt	0.0060	പുരയിടം			1. ജസീല 2. വേലുക്കുട്ടി 3. ബെസ്സാംനിസ്സാമിയും, ലിയ.ജെ.നിസ്സാമിയും.
4	1	449/16pt	0.0375	പുരയിടം			1. ലതാകുമാരി, 2. സരസ്വതിയമ്മ, 3. ദീപ്തി
5	1	449/14pt	0.0037	പുരയിടം			ശ്രീകണ്ഠൻനായർ
6	1	449/22pt	0.0032	പുരയിടം			1. ലത, 2. മല്ലികാദിനേശൻ
7	1	449/23pt	0.0396	പുരയിടം			1. ഉദയകുമാർ, 2. ശ്രീകുമാർ, 3. ഗോപിനാഥൻനായർ 4. ബിന്ദു 5. സലിംഷാ
8	1	449/24pt	0.0296	പുരയിടം			ശ്രീകുമാർ
9	1	449/25pt	0.0268	പുരയിടം			സലിം.എ
10	1	449/41	0.0040	പുരയിടം			1. ശശീന്ദ്രൻ, 2. പുഷ്പലത, സംഗീത
11	1	450/1pt	0.0175	Govt. Land			

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12	1	451/1pt	0.0265	Govt. Land			
13	1	458/1pt	0.0370	Govt. Land			
14	1	655/6pt	0.0040	പുരയിടം			1. സുമേഷ്, 2. ശ്രീലക്ഷ്മി, സുജാത
15	1	656/7pt	0.0355	Govt. Land	വർക്കല - വെൺകുളം - റെയിൽവേ മേൽപ്പാലം നിർമ്മാണം	വർക്കല - വെണ്ണൈക്കുളം - റെയിൽവേ മേൽപ്പാലം നിർമ്മാണം	
16	1	657/1pt	0.0315	Govt. Land			
17	1	658/6pt	0.0025	പുരയിടം			പെരുമാൾ, കൃഷ്ണപിള്ള, പാർവ്വതിയമ്മ മുതൽ പേർ
18	1	658/7pt	0.0064	പുരയിടം			1. ശ്രീന, 2. ശ്രീജ. 3. ഗോപാലകൃഷ്ണപിള്ള
19	1	658/26pt	0.0088	പുരയിടം			ഇന്ദുലേഖ
20	1	658/8pt	0.0404	പുരയിടം			1. ബീപാത്തുമ്മാൾ, 2. ആബിദാബീവി, 3. അജയഘോഷ് 4. മുഹമ്മദ്ഫാമി
21	1	658/17pt	0.0457	പുരയിടം			അബ്ദുൾസലാം സെയ്ദലി
22	1	658/16pt	0.0027	പുരയിടം			1. സൽമാത്തുമ്മാൾ, മുഹമ്മദ്, പാത്തുമ്മാൾ, മുതൽപ്പേർ 2. ശങ്കരപിള്ള, ചെല്ലപ്പൻപിള്ള, കല്ല്യാണിയമ്മ, ഭവാനിയമ്മ മുതൽപേർ 3. മുജീബ് റഹ്മാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

23	1	658/18p	0.1235	പുരയിടം			1. ജാസ്മിൻ സിദ്ദിഖ്, സിറാജുദ്ദീൻ സിദ്ദിഖ് മുതൽപ്പേർ 2. റുക്കിയാബീവി, ജാസ്മിൻ മുതൽപ്പേർ 3. അബ്ദുൾഹക്കിംഹാജി 4. ജോഷില അബ്ദുൾഹക്കിം, ഷെമീം അബ്ദുൾ ഹക്കിം മുതൽപ്പേർ
24	1	658/19pt	0.0225	Govt. Land			
25	1	659/1pt	0.0481	Govt. Land			
Total			**0.6252**				
താലൂക്ക് : വർക്കല							**വില്ലേജ് : വർക്കല**
ക്രമ നം.	**ബ്ലോക്ക് നം.**	**റീസർവ്വെ നം.**	**വിസ്തീർണ്ണം (ഹെക്ടർ)**	**വിവരണം**	**പൊതു ആവശ്യത്തിന്റെ സ്വഭാവം**	**കൂടിയൊഴിപ്പിക്കപ്പെടേണ്ടതിന്റെ കാരണം**	**ഉടമസ്ഥരുടെ/തൽപര കക്ഷികളുടെ പേര്**
26	29	20pt	0.0004	പുരയിടം	വർക്കല - വെൺകുളം - റെയിൽവേ മേൽപ്പാലം നിർമ്മാണം	വർക്കല - വെൺകുളം - റെയിൽവേ മേൽപ്പാലം നിർമ്മാണം	സിബിന
27	29	24pt	0.0090	പുരയിടം			1. ശാന്തകുമാരിയമ്മ, 2. ശ്യാമളകുമാരി, 3. സിന്ധു
28	29	25pt	0.0070	പുരയിടം			നിർമ്മലാദേവി, ശൈലജ
29	29	26pt	0.0015	Govt. Land			
30	29	28pt	0.0165	പുരയിടം			1. ശ്യാംകുമാർ, 2. ശൈലജ
31	69	1pt	0.0010	പുരയിടം			1. ഗോപാലക്കുറുപ്പ് 2. മോഹനൻ നായർ
32	69	2pt	0.0010	പുരയിടം			1. ഭാസ്കരൻനായർ 2. ബിനിൽ
33	69	17pt	0.0050	Govt. Land			
Total			**0.0414**				
Total Area in both villages			**0.6666H**				

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹിക പ്രത്യാഘാത നിർണ്ണയ റിപ്പോർട്ടിന്റെ സംക്ഷിപ്തം

സാമൂഹിക പ്രത്യാഘാത പഠനം നടത്തിയ ഏജൻസി : CLASS (സെന്റർ ഫോർ ലാൻഡ് & സോഷ്യൽ സ്റ്റഡീസ്)

പദ്ധതിയും പൊതുജന താൽപര്യവും

തിരുവനന്തപുരം – കാപ്പിൽ തീരദേശ റോഡിൽ വർക്കല ജംഗ്ഷനിൽ നിന്ന് വലത്തോട്ട് ഇടവയിലേക്ക് പോകുന്ന റോഡിന് കുറുകെയായിട്ടാണ് റെയിൽവേ ലൈൻ കടന്നു പോകുന്നത്. പ്രദേശത്തുള്ളവർക്ക് പ്രസ്തുത ലെവൽ ക്രോസ് മുറിച്ചുകടന്നാൽ മാത്രമേ ഇരു ദിശയിലേക്കും വാഹനങ്ങളിൽ യാത്ര ചെയ്യാൻ കഴിയുകയുള്ളൂ. വർക്കല താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, തൊഴിൽ സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, റെയിൽവെ സ്റ്റേഷൻ തുടങ്ങിയ പ്രധാനപ്പെട്ട അടിസ്ഥാന സംഗതികൾ ഉപയോഗപ്പെടുത്തുന്നതിനായി പ്രദേശ വാസികൾ വർക്കല–ഇടവ റോഡിനെയാണ് ആശ്രയിക്കുന്നത്. ഒരു ട്രെയിൻ കടന്നു പോകുന്നതുമായി ബന്ധപ്പെട്ട് ശരാശരി 7 മിനിട്ട് സമയം റോഡ് അടച്ചിടേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇതുമൂലം വാഹന യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിച്ച് വരുന്നുണ്ട്. ടി സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ നിർദ്ദിഷ്ട പദ്ധതി വലിയ ഒരു ജനവിഭാഗത്തിന് പ്രയോജനം ചെയ്യുന്ന ഒരു പൊതു ആവശ്യമാണ്.

ആഘാത ലഘൂകരണ നടപടികൾ

വർക്കല വെൺകുളം റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായി 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യം എന്ന ശീർഷകത്തിൽ വരുന്നതാണ്. സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ് ടീം രണ്ട് ഗവേഷണ സമീപനങ്ങളുടെ സംയോജനം ഉപയോഗിച്ചു. അതായത്, വിവിധ സാമൂഹ്യ പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിനും ലഘൂകരണ നടപടികൾക്കും മൂല്യ നിർണ്ണയത്തിന്റെ ഒരു പ്രധാന മേഖലയും ഒഴിവാക്കാതെ കൂടുതൽ സമഗ്രമായ വിവരശേഖരണവും ഫലവും നേടുന്നതിന് ഗുണപരവും അളവു പരവുമായ രീതി ശാസ്ത്രത്തിന്റെ സംയോജനം സ്വീകരിച്ചു. ആയതിനാൽ 2013ലെ നിയമങ്ങളിലും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യ പ്രത്യാഘാതം പരമാവധി കുറയ്ക്കാവുന്നതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ
തിരുവനന്തപുരം

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല . എന്നാൽ ഒരു പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല ,ഇടവ വില്ലേജുകളിൽ , വർക്കല– വെൺകുളം –റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം0.6426 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് , കൊച്ചി അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി, സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ചിരിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.25 06:55:31 +05:30